പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4983

27.10. 2016-ൽ മറുപടിക്ക്

## മത്സ്യബന്ധനത്തിനിടയിൽ അപകടത്തിൽപ്പെടുന്നവർക്ക് ഇൻഷുറൻസ് പരിരക്ഷ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം.സ്വരാജ് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് ഒട്ടേറെ മത്സ്യതൊഴിലാളികൾ മത്സ്യബന്ധനത്തിനിടയിൽ അപകടത്തിൽപ്പെട്ട് മരണം സംഭവിക്കുകയോ ഗുരുതരമായി പരിക്കേൽക്കുകയോ ചെയ്യുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത്തരം തൊഴിലാളികളെ സഹായിക്കുന്നതിനായി, ഇവർക്ക് ഒരു ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിന് പദ്ധതി തയ്യാറാക്കുമോ; | (ബി) | മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിനായി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയും മത്സ്യഫെഡ് മുഖേനയും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തി വരുന്നുണ്ട്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന 1986 മുതൽ മത്സ്യബന്ധനത്തിനിടയിൽ അപകടം മൂലം മരണം, മത്സ്യബന്ധനത്തിനിടയിൽ കടലിൽ കാണാതാകൽ, അപകടം മൂലം സ്ഥിരവും പൂർണ്ണവുമായ അവശത, അപകടം മൂലം സ്ഥിരവും ഭാഗികവുമായ അവശത, അപകടം മൂലം അംഗവൈകല്യം, അപകടം മൂലം ആശുപത്രി ചികിത്സ എന്നിവയ്ക്കായി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ മത്സ്യബോർഡ് മുഖേന ഫിഷറീസ് വകുപ്പ് എൽ.ഐ.സിയുമായി സഹകരിച്ച് ആം ആദ്മി ബീമ യോജന എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളികൾക്ക് അപകട മരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ ഇൻഷ്വറൻസ് കമ്പനികളുമായി സഹകരിച്ച് വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി മത്സ്യഫെഡ് നടപ്പിലാക്കിവരുന്നു. നിർദ്ദിഷ്ട പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ |

| | | | |
|---|---|---|---|
| | | | അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളു. നിലവിലുള്ള ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകടമരണത്തിന് അഞ്ച് ലക്ഷം രൂപയും, മരണാനന്തര ചടങ്ങുകൾക്കായി 2500/- രൂപയും (ആകെ രണ്ടായിരത്തി അഞ്ഞൂറു രൂപ മാത്രം), മരിച്ച മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 10000/- രൂപ (ആകെ പതിനായിരം രൂപ മാത്രം) (ഒരാളിന് അയ്യായിരം രൂപ വീതം) വ്യവസ്ഥകൾക്ക് വിധേയമായി നൽകി വരുന്നു. ടി പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് അപകടത്തിൽ അംഗവൈകല്യം സംഭവിച്ചാൽ അതിന്റെ തോതനുസരിച്ച് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.<br>മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായിട്ടുള്ള മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനിടയിൽ ഹൃദയാഘാതം, ഉയർന്ന രക്തസമ്മർദ്ദം, മസ്തിഷ്കാഘാതം എന്നിവ മൂലം മരിച്ചാൽ അവ ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്തതിനാൽ, അവരുടെ ആശ്രിതർക്ക് മത്സ്യഫെഡ് ചെയർമാന്റെ ദുരിതാശ്വാസ നിധിയിൽനിന്നും നിബന്ധനകൾക്ക് വിധേയമായി ഒരു ലക്ഷം രൂപ വീതം ധനസഹായം നൽകുന്നുണ്ട്. |
| (സി) | ഇവരുടെ സുരക്ഷക്കായി നൂതനമായ പദ്ധതികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | സ്വീകരിക്കുന്നതാണ്. |
| (ഡി) | ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ? | (ഡി) | ആധുനിക സൗകര്യങ്ങളോടുകൂടിയ മറൈൻ ആംബുലൻസ് വാങ്ങുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ